
## നിങ്ങളുടെ ഇൻഷൂറൻസ് കമ്പനി നിങ്ങൾ പറയുന്നത് ശ്രദ്ധിക്കുന്നുണ്ടോ?



**നിങ്ങളുടെ ഇൻഷൂറൻസ് കമ്പനി
നിങ്ങളുടെ പരാതികൾ പരിഹരിക്കുന്നില്ലെങ്കിൽ,
ദയവായി ബന്ധപ്പെടുക**

ഐആർഡിഎ ഗ്രീവൻസ് കോൾ സെന്റർ

**ടോൾ ഫ്രീ നം.: 155255**

നിങ്ങളുടെ പരാതികളെ റജിസ്റ്റർ ചെയ്യുവാനും അവയുടെ സ്ഥിതി കണ്ടെത്തുവാനും
അഥവാ ഞങ്ങൾക്ക് complaints@irda.gov.in ൽ ഇ-മെയിൽ ചെയ്യുക
അല്ലെങ്കിൽ ലോഗ്ഓൺ ചെയ്യുക www.igms.irda.gov.in

ഈ പൊതുജന ബോധവൽക്കരണ ഉദ്യമം നടത്തുന്നത്

ഇൻഷൂറൻസ് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അഥോറിറ്റി

INSURANCE REGULATORY AND DEVELOPMENT AUTHORITY

ഇൻഷൂറൻസിനെ വളർത്തുന്നു. ഇൻഷൂർ ചെയ്യപ്പെട്ടവരെ സംരക്ഷിക്കുന്നു

www.irda.gov.in

ഇൻഷൂറൻസ് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അഥോറിറ്റി

INSURANCE REGULATORY AND DEVELOPMENT AUTHORITY

Bima Bemisaal




# മോട്ടോർ ഇൻഷൂറൻസിന്മേൽ ഒരു ലഘുപുസ്തകം

**ഉള്ളടക്കം:**


1. ഈ ലഘുപുസ്തകത്തെ കുറിച്ച് 1

2. മോട്ടോർ ഇൻഷൂറൻസ് 2

3. പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ 5

4. പോളിസിധാരകന്റെ സർവീസിങ്ങ് ടിഎടികൾ 14

5. നിങ്ങൾക്കൊരു പരാതി ഉണ്ടെങ്കിൽ 15


**അസ്വീകരണം**

ഈ ലഘുപുസ്തകം കൊണ്ട് ഉദ്ദേശിക്കുന്നത് നിങ്ങൾക്ക് സാമാന്യ അറിവുകൾ നൽകുക മാത്രമാണ്, സർവവിധ വിശദാംശങ്ങളും നൽകുകയല്ല. ഇതൊരു ശിക്ഷണ സംരംഭമാണ്, നിങ്ങൾക്ക് ഏതെങ്കിലും നിയമോപദേശങ്ങൾ നൽകുകയല്ല.

വിലാസം, ടെലിഫോൺ നമ്പർ, വെബ്സൈറ്റ് വിവരങ്ങൾ, ബന്ധപ്പെടേണ്ട നമ്പർ, ഇ-മെയിൽ ഐഡി എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകും. പോളിസിധാരകർക്കും സംഭാവ്യത ഉള്ളവർക്കും ഐആർഡിഎ കോൾ സെന്റർ നൽകുന്നത് ഒരു തികച്ചും പകര മാർഗമാണ്. സംഗ്രഹിത ടെലി-ഫങ്ഷനാലിറ്റീസ്മൂലം ഹിന്ദി, ഇംഗ്ലീഷ്, വിവിധ ഇന്ത്യൻ ഭാഷകളിൽ, തിങ്കളാഴ്ചമുതൽ ശനിയാഴ്ചവരെ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ 12 മണിക്കൂർ x 6 ദിവസത്തെ ഒരു സേവന പ്ലാറ്റ്ഫോം അത് നൽകുന്നു.

ഐആർഡിഎ യിൽ ഒരു പരാതി രജിസ്റ്റർ ചെയ്താൽ, ഇൻഷൂറൻസ് കമ്പനിയിൽ അതിനെ ഉന്നയിച്ചുകൊണ്ട് അതിന്മേൽ തീർപ്പുണ്ടാക്കുന്നു. പരാതി പരിഹരിക്കുന്നതിന് കമ്പനിക്ക് 15 ദിവസം നൽകപ്പെടും. ആവശ്യമെങ്കിൽ, ഐആർഡിഎ അന്വേഷണങ്ങളും പരിശോധനകളും നടത്തും. കൂടാതെ, ബാധകമായിടത്തെല്ലാം, റീഡ്രെസ്സൽ ഓഫ് പബ്ലിക് ഗ്രീവൻസസ് റൂൾസ്, 1998 ന്റെ നിബന്ധനകൾ പ്രകാരം ഇൻഷൂറൻസ് ഓംബുഡ്സ്മാനെ സമീപിക്കുന്നതിന് ഐആർഡിഎ ഉപദേശിക്കുന്നു.



## 1. ഈ ലഘുപുസ്തകത്തെ കുറിച്ച്

ഈ ലഘുപുസ്തകം രൂപകൽപ്ന ചെയ്തിരിക്കുന്നത് ഇൻഷൂറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അഥോറിറ്റിയാണ് (ഐആർഡിഎ). **മോട്ടോർ ഇൻഷൂറൻസിന്മേൽ** ഒരു മാർഗരേഖരേഖയായ ഇത് സാമാന്യ വിജ്ഞാനം മാത്രമെ നൽകുന്നുള്ളൂ. ഇതിൽ നൽകിയിട്ടുള്ള വിവരങ്ങളൊന്നും ഒരു ഇൻഷൂറൻസ് പോളിസിയുടെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും പകരമാകുകയോ പിന്തള്ളുകയോ ചെയ്യുന്നില്ല.

ഒരു പോളിസിയെ സംബന്ധിച്ചുള്ള നിർദിഷ്ട വിവരങ്ങൾക്ക് അഥവാ മറ്റേതെങ്കിലും വിശദ വിവരങ്ങൾക്ക് ദയവായി ഒരു അംഗീകൃത ഏജന്റിനെയോ, ഒരു ബ്രോക്കറെയോ അഥവ ഐആർഡിഎ യിൽ റജിസ്റ്റർ ചെയ്യപ്പെട്ട ഒരു ഇൻഷൂറൻസ് കമ്പനിയെയോ സമീപിക്കുക.

## 2. മോട്ടോർ ഇൻഷൂറൻസ്

- **മോട്ടോർ ഇൻഷൂറൻസ് എന്നാൽ എന്ത്:**
  മോട്ടോർ ഇൻഷൂറൻസ് വാഹന ഉടമയ്ക്ക് താഴെപ്പറയുന്നവക്കെതിരെ സംരക്ഷണം നൽകുന്നു (1) അയാളുടെ/അവരുടെ വാഹനത്തിനുണ്ടായ നാശങ്ങൾ, (2) വാഹനത്തിന്റെ ഉടമയ്ക്കെതിരെ നിയമ പ്രകാരം നിർണയിച്ചിട്ടുള്ള ഏത് തേർഡ് പാർട്ടി ബാദ്ധ്യതക്കും തുക കൊടുക്കുന്നു. തേർഡ് പാർട്ടി ഇൻഷൂറൻസ് എന്നത് ഒരു നിർബന്ധമായ ആവശ്യകതയാണ്. ഒരു പൊതു സ്ഥലത്തു വെച്ച് വാഹനത്തിന്റെ ഉപയോഗത്താൽ ഉണ്ടായ ഏതെങ്കിലും പരുക്ക് അഥവാ തേർഡ് പാർട്ടി ജീവിതത്തിന് അഥവാ സ്വത്തിനുണ്ടായ നാശത്തിന് വാഹനത്തിന്റെ ഉടമ നിയമപ്രകാരം ബാദ്ധ്യസ്ഥമാണ്. ഇൻഷൂറൻസില്ലാതെ പൊതു സ്ഥലത്ത് ഒരു മോട്ടോർ വാഹനം ഓടിക്കുന്നത് മോട്ടോർ വാഹന നിയമം, 1988ന്റെ ചട്ടങ്ങളിൽ ശിക്ഷാർഹമായ കുറ്റമാണ്.

- **മോട്ടോർ ഇൻഷൂറൻസ് പരിരക്ഷയുടെ ഇനങ്ങൾ :**
  മോട്ടോർ ഇൻഷൂറൻസ് പരിരക്ഷ നൽകുന്ന ഇൻഷൂറൻസ് പോളിസികൾ പൊതുവെ രണ്ടു തരമുണ്ട്:

  എ. ലയബിലിറ്റി ഓൺലി പോളിസി (നിർബന്ധമായ ആവശ്യം)

  ബി. പേക്കേജ് പോളിസി (ലയബിലിറ്റി ഓൺലി പോളിസി + പൊതുവെ ഓ. ഡി. കവർ എന്ന് പറയുന്ന ഉടമയുടെ വാഹനത്തിന് നാശനഷ്ടം)

  നിങ്ങൾ ഒരു ലയബിലിറ്റി ഓൺലി പോളിസി മാത്രമാണ് എടുക്കുന്നതെങ്കിൽ, നിങ്ങളുടെ വാഹനത്തിന് പറ്റുന്ന നാശത്തിന് പരിരക്ഷ ലഭിക്കുകയില്ലെന്ന് ഓർമിക്കുക. അതിനാൽ, ഒരു പേക്കേജ് പോളിസി എടുക്കുന്നത് വിവേകപൂർണമായിരിക്കും, അത് നിങ്ങളുടെ



## 5. നിങ്ങൾക്കൊരു പരാതി ഉണ്ടെങ്കിൽ:

ഇൻഷൂറൻസ് റെഗുലേറ്ററി ഡെവലപ്മെന്റ് അഥോറിറ്റിയുടെ (ഐആർഡിഎഅ) കൺസ്യൂമർ അഫെയേർസ് ഡിപാർട്ട്മെന്റ് ഒരു ഇന്റഗ്രേറ്റഡ് ഗ്രീവൻസ് മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചിട്ടുണ്ട്; ഇത് പരാതികളുടെ രജിസ്ട്രേഷനും ട്രാക്കിങ്ങിനും വേണ്ടിയുള്ള ഒരു ഓൺലൈൻ സിസ്റ്റമാണ്. നിങ്ങൾക്കുള്ള പരാതി നിങ്ങൾ ആദ്യം ഇൻഷൂറൻസ് കമ്പനിയിൽ രജ്സ്റ്റർ ചെയ്യണം. കമ്പനി നടത്തിയ അതിന്റെ നിവാരണത്തിൽ നിങ്ങൾക്ക് തൃപ്തിയായില്ലെങ്കിൽ, www.igms.irda.gov.inൽ പ്രവേശിച്ച് ഐജിഎംഎസ് വഴിയായി ഐആർഡിഎ യിലേക്ക് നിങ്ങൾക്കതിനെ അയക്കാം. ഇൻഷൂററുടെ ഗ്രീവൻസ് സിസ്റ്റം നിങ്ങൾക്ക് നേരിട്ട് ബന്ധപ്പെടുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങളുടെ പരാതി ഇൻഷുറൻസ് കമ്പനിയിൽ രജിസ്റ്റർ ചെയ്യുന്നതിന് നിങ്ങൾക്കൊരു ഗേറ്റ്വേ കൂടി ഐജിഎംഎസ് നിങ്ങൾക്ക് നൽകുന്നു.

നിങ്ങളുടെ പരാതി ഐജിഎംഎസ് വഴി (അതായത്, വെബ്) രജിസ്റ്റർ ചെയ്യുന്നതിനു പുറമെ, നിങ്ങൾക്ക് പരാതി രജിസ്റ്റർ ചെയ്യുവാൻ വേറേയും പല മാർഗങ്ങളുമുണ്ട് – ഇ–മെയിൽ വഴി (complaints@irda.gov.in), തപാൽ വഴി (കൺസ്യൂമർ അഫെ യേർസ് ഡിപാർട്ട്മെന്റ്, ഇൻഷൂറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അഥോറിറ്റി, 3ാം നില, പരിശ്രം ഭവൻ, ബഷീർ ബാഗ്, ഹൈദരാബാദ്–4) അഥവാ ഐആർഡിഎ കോൾ സെന്റ റിലേക്ക് **ടോൾ ഫ്രീ 155255**ൽ വെറുമൊരു ഫോൺ കോൾ, എങ്കിൽ ഐആർഡിഎ ഇൻഷൂറൻസ് കമ്പനികൾക്കെതിരെയുള്ള നിങ്ങളുടെ പരാതികൾ സൗജന്യമായി രജിസ്റ്റർ ചെയ്യുകയും അതിന്റെ സ്ഥിതി നിരീക്ഷിക്കുവാൻ സഹായിക്കുന്നതുമാണ്. കോളിനെ ആസ്പദമാക്കി പരാതി ഫോം പൂരിപ്പിക്കുവാൻ കോൾ സെന്റർ സഹായിക്കുന്നു. ആവശ്യമുള്ളിടത്തെല്ലാം, ഇൻഷൂറൻസ് കമ്പനികൾക്കൊപ്പം പരാതികൾ നേരിട്ട് ഫയൽ ചെയ്യുന്നതിന് ആദ്യം അത് സഹായിക്കും. അതിന് ഇൻഷൂറൻസ് കമ്പനിയുടെ മേൽ

Bima Bemisaal

## പോളിസിഹോൾഡർ സർവീസിങ്ങ് ടേൺഎറൗണ്ട് ടൈംസ്
## ഐആർഡിഎ നിർദേശിച്ച പ്രകാരം

| സർവീസ് | ഏറ്റവും കൂടിയ തിരികെ നൽകൽ സമയം |
|---|---|
| **സാമാന്യം** | |
| അഭ്യർത്ഥനയുടെ പരിഗണനയും ആവശ്യകതകൾ/ പോളിസി ഇഷ്യൂ ചെയ്യൽ/റദ്ദാക്കൽ എന്നിവ ഉൾപ്പെട്ട തീരുമാനങ്ങളുടെ അറിയിക്കലും | 15 ദിവസം |
| അഭ്യർത്ഥനയുടെ കോപ്പി ലഭിക്കൽ | 30 ദിവസം |
| പിശകുകൾ/ അഭ്യർത്ഥന ഡിപ്പോസിറ്റ് തിരികെ കൊടുക്കലും സംബന്ധിച്ച് പോസ്റ്റ് പോളിസി ഇഷ്യൂ സേവന അഭ്യർത്ഥനകളും നോൺ-ക്ലെയിം ബന്ധപ്പെട്ട സേവന അഭ്യർത്ഥനകളും | 10 ദിവസം |
| **ലൈഫ് ഇൻഷൂറൻസ്** | |
| സറണ്ടർ മൂല്യം/ആന്വിറ്റി/പെൻഷൻ പ്രോസസ്സിങ്ങ് | 10 ദിവസം |
| കാലപൂർത്തി ക്ലെയിം/സർവൈവൽ ബെനിഫിറ്റ്/ പീനൽ പലിശ കൊടുക്കാതിരിക്കൽ | 15 ദിവസം |
| ക്ലെയിം സമർപ്പിച്ച ശേഷം ക്ലെയിം ആവശ്യകതകൾ ഉന്നയിക്കൽ | 15 ദിവസം |
| അന്വേഷണ ആവശ്യകത കൂടാതെ മരണ ക്ലെയിം തീർപ്പ് | 30 ദിവസം |
| അന്വേഷണ ആവശ്യകതക്കൊപ്പം മരണ ക്ലെയിം തീർപ്പ്/നിരാകരണം | 6 മാസം |
| **ജനറൽ ഇൻഷൂറൻസ്** | |
| സർവേ റിപ്പോർട്ട് സമർപ്പിക്കൽ | 30 ദിവസം |
| ഇൻഷൂറർ അനുബന്ധ റിപ്പോർട്ട് ആവശ്യപ്പെടുന്നത് | 15 ദിവസം |
| ഒന്നാമത്തെ/അനുബന്ധ സർവേ റിപ്പോർട്ട് ലഭിച്ച ശേഷം ക്ലെയിം തീർപ്പ്/നിരാകരണം | 30 ദിവസം |
| **പരാതികൾ** | |
| ഒരു പരാതി ലഭിച്ചെന്ന് അറിയിക്കൽ | 3 ദിവസം |
| പരാതി പരിഹരിക്കൽ | 15 ദിവസം |



Bima Bemisaal

വാഹനത്തിന് പരിരക്ഷ ഉൾപ്പെടെ കൂടുതൽ വിശാലമായ പരിരക്ഷ നൽകും.

- **മോട്ടോർ ഇൻഷൂറൻസ് എന്തിനെ പരിരക്ഷിക്കുന്നു :**
  മോട്ടോർ ഇൻഷൂറൻസ് പോളിസിയുടെ ഓഡി വിഭാഗം താഴെക്കൊടുത്തിട്ടുള്ള ആപത്തുകൾമൂലം വാഹനത്തിന് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് സാധാരണയായി പരിരക്ഷ നൽകും :

  എ. അഗ്നിബാധ, സ്ഫോടനം, തന്നെത്താൻ തീപിടിക്കൽ, ഇടിമിന്നൽ
  ബി. ബർഗ്ലറി/ഭവന ഭേദനം/കളവ്
  സി. ജനക്ഷോഭം, പണിമുടക്ക്
  ഡി. ഭൂമികുലുക്കം
  ഇ. വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, ചക്രവാതം, ചുഴലിക്കാറ്റ്, കടലിലെ കൊടുങ്കാറ്റ്, വെള്ളം കയറൽ, ഹിമപാതം, ഉറച്ചു പോകൽ
  എഫ്. ആകസ്മികമായ ബാഹ്യ കാരണം
  ജി. ദ്രോഹകരമായ പ്രവൃത്തി
  എച്ച്. ഭീകര പ്രവൃത്തികൾ
  ഐ. റെയിൽ/റോഡ്, ഇൻലാന്റ് ജലമാർഗങ്ങൾ, ലിഫ്റ്റ്, എലിവേറ്റർ, അഥവാ വായു വഴി കൊണ്ടു പോകുമ്പോൾ
  ജെ. മണ്ണിടിച്ചിൽ/പാറയിടിച്ചിൽ.

- **മോട്ടോർ ഇൻഷൂറൻസിൽ ഉൾപ്പെടാത്തത് എന്ത് :**
  മോട്ടോർ ഇൻഷൂറൻസ് പോളിസി പ്രകാരം താഴെപ്പറയുന്ന ആകസ്മികതകളെ ഒഴിവാക്കിയിരിക്കുന്നു :
- സാധുതയുള്ള ഒരു ഡ്രൈവിങ്ങ് ലൈസൻസ് ഇല്ലായ്ക
- മത്തുപിടിപ്പിക്കുന്ന മദ്യം / മയക്കുമരുന്നിന്റെ സ്വാധീനത്തിൽ
- ഭൂമിശാസ്ത്രപരമായ പരിധികൾക്കപ്പുറത്തുവെച്ച്

അത്യാഹിതം സംഭവിക്കൽ

- നിയമ വിരുദ്ധ ഉദ്ദേശ്യങ്ങൾക്കായി വാഹനം ഉപയോഗിക്കൽ
- ഇലക്ട്രിക്കൽ/മെക്കാനിക്കൽ ബ്രേക്ക്ഡൗൺ

- **ഇൻഷൂർഡ് തുകയുടെ അടിസ്ഥാനം:**

സ്വന്തം നാശനഷ്ടത്തിന്:

മോട്ടോർ ഇൻഷൂറൻസ് പോളിസി പ്രകാരമുള്ള ഇൻഷൂർഡ് തുക മോട്ടോർ വാഹനത്തിന്റെ മൂല്യത്തെ പ്രതിഫലിപ്പിക്കുന്നു. ഇൻഷൂർഡ് സ്വത്തിന്റെ ഡിക്ലയേർഡ് വാല്യൂ എന്നറിയപ്പെടുന്ന ആശയത്തെ ആധാരമാക്കിയാണ് ഇത് നിർണയിക്കുന്നത്. നിർമാതാവിന്റെ ഇപ്പോഴത്തെ മൂല്യത്തെയും വാഹനത്തിന്റെ പഴക്കത്തെ ആസ്പദമാക്കിയുള്ള വിലയിടിവിനേയും ആസ്പദമാക്കി കണക്കാക്കുന്നതാണ് ഇൻഷൂർഡ്സ് ഡിക്ലയേർഡ് വാല്യൂ.

തേർഡ് പാർട്ടിക്ക്:

പരിരക്ഷ നൽകുക മോട്ടോർ വെഹിക്കിൾസ് ആക്ട്, 1988 ന്റെ ആവശ്യകതകൾ അനുസരിച്ചായിരിക്കും. ഉടമക്കും ഡ്രൈവർക്കും നിർബന്ധമായ വ്യക്തിപര അത്യാഹിത പരിരക്ഷയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമ പ്രകാരം അയാൾക്കു ലഭിക്കുന്ന പരിരക്ഷക്ക് പുറമെയും അധികമായും വാഹനത്തിൽ ഉള്ളവരുടെ വ്യക്തിപര അത്യാഹിതം, ഡ്രൈവർക്ക് വർക്ക്മെൻസ് കോമ്പൻസേഷൻ എന്നിവയും പോലുള്ള മറ്റു വിവിധ ആപത്തുകൾക്കും പരിരക്ഷ ലഭിക്കുവാൻ പോളിസിയെ വിസ്തൃതമാക്കാവുന്നതാണ്.



Bima Bemisaal

**ഉ.** ഉവ്വ്. ഒരു രേഖാമൂലമായ അപേക്ഷ സഹിതം, പോളിസി ഇഷ്യൂ ചെയ്ത അതേ ഓഫിസിനെ സമീപിക്കുക. ഡ്യൂപ്ലിക്കേറ്റ് പോളിസി കോപ്പി നൽകുന്നതിന് ഒരു കുറഞ്ഞ ഫീ ചുമത്തുന്നതാണ്.

**ചോ. ഒരു മോട്ടോർ ഇൻഷൂറൻസ് ക്ലെയിം നൽകുവാൻ എന്തെല്ലാം പ്രമാണങ്ങൾ സമർപ്പിക്കണം?**

**ഉ.** സാധാരണയായി, താഴെപ്പറയുന്ന പ്രമാണങ്ങൾ സമർപ്പിക്കേണ്ടതാണ്. എങ്കിലും, പൂർണമായ പട്ടികക്ക് നിങ്ങളുടെ പോളിസി വായിക്കുക – പൂരിപ്പിച്ച ക്ലെയിം ഫോം, വാഹനത്തിന്റെ ആർസി കോപ്പി, നഷ്ടത്തിന്റെ ഒറിജിനൽ എസ്റ്റിമേറ്റ്, ഒറിജിനൽ റിപ്പെയർ ഇൻവോയ്സും, പേമെന്റ് റസീറ്റും. ക്യാഷ്‌ലെസ്സ് സൗകര്യം ഉപയോഗിച്ചാണെങ്കിൽ, റിപ്പെയർ ഇൻവോയ്സ് മാത്രം കൊടുത്താൽ മതിയാകും കൂടാതെ ആവശ്യമെങ്കിൽ എഫ്ഐആറും. മോഷണ ക്ലെയിമുകൾക്ക്, വാഹനത്തിന്റെ താക്കോലുകൾ സമർപ്പിക്കണം. മോഷണ ക്ലെയിമുകൾക്ക് നോൺ–ട്രേസ്യബിൾ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടിവരും.

**ഉ.** •സർട്ടിഫിക്കറ്റ് ഓഫ് ഇൻഷൂറൻസ്
•റജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സീറോക്സ് കോപ്പി
•പൊല്യൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കറ്റ്
•വാഹനം ഓടിക്കുന്ന ആളിന്റെ ഡ്രൈവിങ്ങ് ലൈസൻസ് കോപ്പി

**ചോ. എന്റെ ഇൻഷൂറൻസ് എന്റെ വാഹനം വാങ്ങുന്ന ആളിന് കൈമാറ്റം ചെയ്യാമോ?**

**ഉ.** അതെ, വാഹനം വാങ്ങുന്ന ആളിന് ഇൻഷൂറൻസ് കൈമാറ്റം ചെയ്യാം, എന്നാൽ വിൽക്കുന്ന ആൾ അത്തരം കൈമാറ്റത്തെ കുറിച്ച് ഇൻഷൂറൻസ് കമ്പനിയെ രേഖാമൂലം അറിയിച്ചിരിക്കണം. ഒരു പുതിയ അഭ്യർത്ഥന പത്രം പൂരിപ്പിക്കേണ്ടതുണ്ട്. കൈമാറ്റ തീയതി മുതൽ പോളിസി കാലഹരണപ്പെടുന്നതു വരെ എൻസിബിയുടെ ആനുപാതിക തിരിച്ചെടുക്കൽ ഒപ്പം ഇൻഷൂറൻസിന്റെ കൈമാറ്റത്തിന് ഒരു കുറഞ്ഞ ഫീസും ഈടാക്കും. കോംപ്രിഹെൻസീവ്/പേക്കേജ് പോളിസികളിൽ ഉടമസ്ഥതയുടെ കൈമാറ്റത്തെ, കൈമാറ്റ തീയതി മുതൽ 14 ദിവസത്തിനകം രേഖപ്പെടുത്തേണ്ടതാണ് അല്ലാത്തപക്ഷം വാഹനത്തിനു സ്വന്തം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ക്ലെയിമുകൾ ഒന്നും ലഭിക്കുന്നതല്ല.

**ചോ. ആർടിഒ രേഖകളിൽ വാഹനം എന്റെ പേരിൽ കൈമാറ്റം ചെയ്ത ശേഷവും മുൻ ഉടമയുടെ പേരിൽ എനിക്ക് ഇൻഷൂറൻസ് തുടരാമോ?**

**ഉ.** ഇല്ല. വാഹനത്തിന്റെ റജിസ്ട്രേഷനും ഇൻഷൂറൻസും എല്ലായ്പ്പോഴും ഒരേ പേരിലും മേൽവിലാസത്തിലും ആയിരിക്കണം. അല്ലാത്തപക്ഷം ക്ലെയിം നൽകുന്നതല്ല. ഒരു പുതിയ അഭ്യർത്ഥനാ പത്രം പൂരിപ്പിക്കേണ്ടതുണ്ട്. ഇൻഷൂറൻസ് കൈമാറ്റം ചെയ്യുന്നതിന് ഒരു കുറഞ്ഞ ഫീചുമത്തും.

**ചോ. എന്റെ ഇൻഷൂറൻസ് പോളിസി നഷ്ടപ്പെട്ടു. എനിക്ക് ഒരു ഡ്യൂപ്ലിക്കേറ്റ് കോപ്പി ലഭിക്കുമോ?**



## 3. മോട്ടോർ ഇൻഷൂറൻസിനെ കുറിച്ച് കൂടക്കൂടെ ചോദിക്കുന്ന ചോദ്യങ്ങൾ

**ചോ. ഞാൻ ഏത് മോട്ടോർ ഇൻഷൂറൻസ് ആണ് വാങ്ങേണ്ടത്? ഞാൻ ഒരു കോംപ്രിഹെൻസീവ് ഇൻഷൂറൻസ് വാങ്ങണമോ അതോ ബാദ്ധ്യത മാത്രമായ പോളിസി വാങ്ങണമോ?**

**ഉ.** ഇന്ത്യയിലെ പൊതു പാതകളിൽ ഓടുന്ന എല്ലാ വാഹനങ്ങൾക്കും തേർഡ് പാർട്ടി ലയബിലിറ്റി ഇൻഷൂറൻസ് നിർബന്ധമാണ്. നിങ്ങളുടെ ഉത്തരവാദിത്വത്തിൽ മറ്റുള്ളവർക്ക് സംഭവിച്ച പരുക്കുകൾക്കും നാശനഷ്ടങ്ങൾക്കും ഉള്ള ബാദ്ധ്യതയെ ഇത് പരിരക്ഷിക്കുന്നു. ഇതിനു പുറമെ, കോംപ്രിഹെൻസീവ്/പേക്കേജ് പോളിസി വഴിയായി വാഹനത്തിനുതന്നെ സംഭവിച്ച നഷ്ടത്തിനും നാശങ്ങൾക്കും പരിരക്ഷ എടുക്കുന്നത് നന്നായിരിക്കും, ഇത് ഇൻഷൂർഡ് വാഹനത്തിനുള്ള ബാദ്ധ്യതയേയും സ്വന്തം നാശങ്ങളേയും പരിരക്ഷിക്കുന്നു. ലയബിലിറ്റി ഓൺലി പരിരക്ഷയെ ആക്ട് ഓൺലി പരിരക്ഷ എന്നും അറിയപ്പെടുന്നു.

**ചോ. പ്രീമിയം നിശ്ചയിക്കുന്നത് എങ്ങിനെ?**

**ഉ.** നിങ്ങൾ അടയ്ക്കേണ്ട പ്രീമിയത്തെ നിർണയിക്കുന്ന പല വസ്തുതകളും ഉണ്ട്. ഓൺ ഡാമേജ് പരിരക്ഷക്ക് വിവിധ ഇൻഷൂറൻസ് കമ്പനികൾ നൽകുക ഒരേതരം പരിരക്ഷ ആണെങ്കിലും വ്യത്യസ്ത പ്രീമിയങ്ങൾ ഈടാക്കുന്നു. ചുറ്റും അന്വേഷിക്കുക; മൂന്നോ അധികമോ താരതമ്യ ക്വൊട്ടേഷൻസ് ശേഖരിക്കുന്നത് നന്നായിരിക്കും. വിവിധ ഇൻഷൂറർമാരുടെ വെബ്സൈറ്റുകൾ
പരിശോധിക്കുക; ഇത് പ്രീമിയങ്ങളെ താരതമ്യം ചെയ്യുന്നതിന് സഹായകമാകും. കിഴിക്കുന്ന തുകകൾ, കവറേജ്, ഐഡിവി എന്നിവ താരതമ്യം ചെയ്യുവാൻ മറക്കരുത്, കാരണം ഒരു ഇൻഷൂററുടെ പ്രീമിയം

കുറവാകാം പക്ഷെ കിഴിക്കുന്ന തുകകൾ അധികമായേക്കാം, കവറേജ് കുറവും കുറഞ്ഞ ഐഡിവിയും ക്ലെയിം തീർപ്പാക്കുന്ന സമയത്ത് നിങ്ങൾക്ക് പ്രതികൂലമായിത്തീരും.

നിങ്ങളുടെ പ്രീമിയം നിർണയിക്കുവാൻ, സാധാരണ ഉപയോഗിക്കുന്ന താഴെക്കൊടുത്ത ഇനങ്ങളെ കുറിച്ച് വിവരങ്ങൾ നിങ്ങളുടെ ഏജന്റിന് കൊടുക്കുവാൻ തയ്യാറാകുക. വാഹന റജിസ്ട്രേഷൻ വിവരങ്ങളും എഞ്ചിൻ നമ്പറും, ചാസ്സി നം., വാഹനത്തിന്റെ തരം, ക്യൂബിക് കപ്പാസിറ്റി, സീറ്റിങ്ങ് കപ്പാസിറ്റി, എന്നിവ. (വാസ്തവത്തിൽ, എല്ലാ പ്രസക്തമായ വിശദ വിവരങ്ങളും ആർസി ബുക്കിൽ/കാർഡിൽ ഉണ്ട്, അതിന്റെ ഒരു കോപ്പി കൊടുക്കാം), ടാക്സ് അടച്ച വിവരങ്ങൾ, സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നെസ്സ്, ഡ്രൈവറുടെ വിവരങ്ങൾ – വയസ്, ലിംഗം, വിദ്യാഭ്യാസ യോഗ്യതകൾ, ലൈസൻസ് സാധുത, മുൻപത്തെ ഇൻഷൂറൻസ് ചരിത്രം , ഏതെങ്കിലും ഉള്ളവ.

ഇൻഷൂറൻസ് റെഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അഥോറിറ്റി സമക്ഷം റേറ്റുകൾ ഫയൽ ചെയ്ത ശേഷം ഒറ്റയായ ഇൻഷൂറൻസ് കമ്പനികളാൽ ഓൺ ഡാമേജ് പരിരക്ഷയെ വിലയിരുത്തുവാൻ വേണ്ടി വിടുന്നു. മറ്റുള്ളവക്കിടയിൽ താഴെക്കൊടുത്ത വസ്തുതകളിന്മേൽ ഇത് നിശ്ചയിക്കപ്പെടുന്നു -- വാഹനത്തിന്റെ പഴക്കം; ഡിസ്കൗണ്ട്സ് / ലോഡിങ്ങ്സ് – അനുയോജ്യ ബോണസ് / ലോഡിങ്ങ്/ ഡിസ്കൗണ്ട്സ് ഒപ്പം കഴിഞ്ഞകാല ക്ലെയിം അനുഭവം എന്നിവയും പ്രീമിയം കണക്കാക്കുമ്പോൾ പരിഗണിക്കപ്പെടും. ഐഡിവി (ഇൻഷൂർഡ് ഡിക്ലയേർഡ് വാല്യൂ).

തേർഡ് പാർട്ടി ലയബിലിറ്റി പ്രീമിയം നിരക്കുകൾ നിശ്ചയിക്കുക ഐആർഡിഎ ആണ്.





നിരക്ക് തുടർന്നും ചുമത്തുന്നതാണ്. അതുപോലെ, ഒരു വാഹനം ഒരു ടൗണിലാണ് റജിസ്റ്റർ ചെയ്തത് എങ്കിൽ, അതിന് സോൺ ബി പ്രീമിയം നിരക്ക് ബാധകമായിരിക്കും. പിന്നീട് ഉടമസ്ഥൻ ഒരു മെട്രോ സിറ്റിയിലേക്ക് മാറിയാലും, സോൺ ബി നിരക്ക് ചുമത്തുന്നത് തുടരും.

**ചോ. മോട്ടോർ വെഹിക്കിൾസ് ആക്ട് പ്രകാരം ഒരു സർട്ടിഫിക്കറ്റ് ഓഫ് ഇൻഷൂറൻസ് എന്നാൽ എന്ത്?**

**ഉ.** സെൻട്രൽ മോട്ടോർ വെഹിക്കിൾസ് റൂൾസ്, 1989 ന്റെ റൂൾ 141 പ്രകാരം, ഒരു സർട്ടിഫിക്കറ്റ് ഓഫ് ഇൻഷൂറൻസ് നൽകേണ്ടത് ഫോം 51ൽ മാത്രമാണ്. ഇത് പോളിസിയിൽനിന്നും വ്യത്യസ്തമായി മോട്ടോർ വെഹിക്കിൾസ് ഇൻഷൂറൻസിൽ മാത്രമാണ്, നിയമ പ്രകാരം ഇൻഷൂറർമാർ ഒരു പ്രത്യേക സർട്ടിഫിക്കറ്റ് ഓഫ് ഇൻഷൂറൻസ് നൽകേണ്ടത് ആവശ്യമാണ്. ഈ പ്രമാണം എല്ലായ്പ്പോഴും വാഹനത്തിൽ ഉണ്ടായിരിക്കണം. വീട്ടിൽ/ ഓഫീസിൽ പോളിസി വേറെ സൂക്ഷിക്കുകയും വേണം.

**ചോ. ഞാൻ എന്റെ വാഹനത്തിന് സിഎൻജി അല്ലെങ്കിൽ എൽപിജി കിറ്റ് ഘടിപ്പിച്ചെങ്കിൽ, അതേ കുറിച്ച് ഇൻഷൂറൻസ് കമ്പനിയെ അറിയിക്കേണ്ടത് ആവശ്യമാണോ?**

**ഉ.** വാഹനത്തിൽ സിഎൻജി/ എൽപിജി കിറ്റ് ഘടിപ്പിച്ചെങ്കിൽ, റജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ (ആർസി) മാറ്റം രേഖപ്പെടുത്തുന്നതിന് വാഹനം റജിസ്റ്റർ ചെയ്യപ്പെട്ട സ്ഥലത്തെ ആർടിഎ യെ അറിയിക്കേണ്ടതാണ്. ഓഡി സെക്ഷനും ടിപി സെക്ഷനും പ്രകാരം കിറ്റിന്റെ മൂല്യത്തിന്മേൽ പുറമെ പ്രീമിയം അടച്ചശേഷം കിറ്റിനെ പരിരക്ഷിക്കുന്നതിന് ഇൻഷൂറൻസ് കമ്പനിയേയും അറിയിക്കേണ്ടതാണ്.

**ചോ. പൊതു സ്ഥലങ്ങളിൽ ഓടിക്കുമ്പോൾ വാഹനത്തിൽ ഏതെല്ലാം ഡോക്യുമെന്റുകൾ വെക്കണം?**

**ചോ. കിഴിക്കാവുന്നത് എന്നാൽ എന്ത്?**

ഉ. കിഴിക്കാവുന്നത് അഥവാ അമിതമായത് എന്നാൽ നൽകേണ്ടതായ ക്ലെയിം കൂടാതേയും അധികവുമായ തുക. ഇരുചക്ര വാഹനങ്ങൾക്ക് രൂ.50 മുതൽ മിക്ക വാഹനങ്ങൾക്കും സാധാരണയായി ഒരു സാമാന്യ/നിർബന്ധ അമിത തുകയുണ്ട്. കാറുകൾക്കും കമ്മേഴ്സ്യൽ വാഹനങ്ങൾക്കും രൂ.500 ആണ്. വാഹനത്തിന്റെ ക്യുബിക്ക് കപ്പാസിറ്റി/കാരിയിങ്ങ് കപ്പാസിറ്റിയും ആശ്രയിച്ചാണ് ഇത് നിശ്ചയിക്കുക. എങ്കിലും, വാഹനത്തിന്റെ പഴക്കം അനുസരിച്ച് അഥവാ അധികം തവണ ക്ലെയിമുകൾ ഉണ്ടായെങ്കിൽ ഇൻഷൂറർ പുറമെ അമിത തുക ചുമത്താം.

**ചോ. പോളിസിയിൽ ഏതെങ്കിലും മാറ്റങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള നടപടിക്രമം എന്താണ്?**

ഉ. പോളിസിയിൽ ഏതെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ, അതിനെ ഇൻഷൂറൻസ് ഓഫീസ് ഒരു എൻഡോർസ്മെന്റ് കൊണ്ട് നടത്തുന്നതാണ്. മാറ്റങ്ങളുടെ തെളിവുകൾ സഹിതം ഇൻഷൂറർക്ക് ഒരു കത്ത് സമർപ്പിച്ച് എൻഡോർസ്മെന്റ് നേടാം. എൻഡോർസ്മെന്റ് ശരിയാണോ എന്ന് പരിശോധിക്കുക.

**ചോ. ഞാൻ ഒരു നിശ്ചിത സിറ്റിയിൽ മാത്രമാണ് കാർ ഉപയോഗിക്കുന്നതെങ്കിൽ, ബാധകമാകുന്ന പ്രീമിയ നിരക്കെന്ത്?**

ഉ. ബാധകമായ പ്രീമിയം നിരക്കിന്റെ ഉദ്ദേശ്യത്തിനായി, വാഹനം റജിസ്റ്റർ ചെയ്ത സ്ഥലത്തെ പരിഗണിക്കുന്നു (വാഹനം ഉപയോഗിക്കുന്ന സ്ഥലത്തെ അല്ല). നിങ്ങളുടെ വാഹനം ചെന്നൈയിൽ രജിസ്റ്റർ ചെയ്യപ്പെട്ടതാണെങ്കിൽ സോൺ എ പ്രകാരമുള്ള നിരക്ക് ബാധകമായിരിക്കും. നിങ്ങൾ മറ്റൊരു സിറ്റി/ടൗണിലേക്ക് താമസം മാറിയാലും, അതേ



ഇൻഷൂറൻസിന് ഇടക്കുവെച്ച് മുടക്കം വന്നിട്ടുണ്ടെങ്കിൽ, വാഹന പരിശോധന ആവശ്യമാകും അതിന് വേറെയും ചെലവ് വരുന്നതാണ്.

**ചോ. എന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന പരിരക്ഷ പരിധികൾ ഏവ?**

ഉ. ഓൺ ഡാമേജിന്, വാഹനത്തിനുള്ള അഷ്വേർഡ് തുകയെ ഇൻഷൂർഡ് ഡിക്ലയേർഡ് വാല്യൂ എന്നു പറയുന്നു, ഇതിൽ വാഹനത്തിന്റെ ഇപ്പോൾ ഉള്ള മാർക്കറ്റ് മൂല്യം പ്രതിഫലിക്കണം. തേർഡ് പാർട്ടി ലയബിലിറ്റി പരിരക്ഷക്കായി, തേർഡ് പാർട്ടി പരുക്കുകൾക്ക് അപരിമിതമായ പരിരക്ഷ ഉണ്ട്; എങ്കിലും, തേർഡ് പാർട്ടി സ്വത്ത് നാശങ്ങൾക്ക് രൂ.750,000 വരെ പരിരക്ഷിക്കപ്പെടുന്നു. രൂ.6,000 വരെ തേർഡ് പാർട്ടി പ്രോപ്പർട്ടി നാശത്തിന് പരിരക്ഷ പരിമിതമാക്കുവാൻ ഇൻഷൂർഡ് വ്യക്തിക്ക് കഴിയും അതുകൊണ്ട് ലയബിലിറ്റി ഓൺലി പ്രീമിയത്തിൽ കുറവ് ഉണ്ടാകും.

**ചോ. പോളിസിയുടെ കാലാവധി എത്ര?**

ഉ. പോളിസിക്ക് സാധാരണ ഒരു വർഷത്തെ സാധുത ഉണ്ടായിരിക്കും, അതിനെ അടവ് തീയതിക്ക് മുൻപ് പുതുക്കുകയും വേണം. പ്രീമിയം സമയത്ത് അടയ്ക്കുക. പ്രീമിയം അടയ്ക്കുന്നതിന് ഒരു ഇൻഷൂററും ഗ്രേസ് പിരിയേഡ് നൽകുകയില്ല – അത് അടയ്ക്കേണ്ട തീയതിക്കു തന്നെ അടയ്ക്കണം. പോളിസി ഒരു ദിവസം കൊണ്ട് കാലഹരണപ്പെട്ടാൽ പോലും വാഹനത്തെ പരിശോധിക്കേണ്ടതായി വരും. മാത്രമല്ല, ഒരു കോംപ്രിഹെൻസീവ് പോളിസി 90ലേറെ ദിവസങ്ങൾക്ക് കാലഹരണപ്പെടുവാൻ അനുവദിച്ചാൽ, സഞ്ചിതമായ എൻസിബിയുടെ (നോ ക്ലെയിം ബോണസ്) ആനുകൂല്യവും നഷ്ടപ്പെടും.

**ചോ. നോ ക്ലെയിം ബോണസ് എന്നാൽ എന്ത്?**

**ഉ.** മുൻ പോളിസി കാലയളവിൽ ക്ലെയിമുകൾ ഒന്നും ഉണ്ടായിരുന്നില്ലെങ്കിൽ ഒരു ഇൻഷൂർഡ് വ്യക്തിക്ക് സഞ്ചിതമാകുന്ന ആനുകൂല്യമാണ് നോ ക്ലെയിം ബോണസ്. ഇപ്പോൾ നിലവിലുള്ള നിബന്ധനകൾ പ്രകാരം, ഇത് ഓൺ ഡാമേജ് പ്രീമിയത്തിന്മേൽ (ലയബിലിറ്റി പ്രീമിയത്തിന്മേൽ അല്ല) 20% മുതൽക്ക് തുടങ്ങി തുടർന്നുള്ള ക്ലെയിം രഹിത വർഷങ്ങളെ ആസ്പദമാക്കി കൂടിയത് 50% വരെ ഉയരുന്നു. എങ്കിലും, ഒരു ക്ലെയിം ഉന്നയിച്ചെങ്കിൽ, തുടർന്നുള്ള പോളിസി കാലയളവിലെ നോ ക്ലെയിം ബോണസ് നഷ്ടമാകും. ഇൻഷൂർഡ് വ്യക്തിക്കാണ് എൻസിബി നൽകപ്പെടുക അല്ലാതെ ഇൻഷൂർഡ് വാഹനത്തിനല്ല. അതിനാൽ, വാഹനം കൈമാറ്റം ചെയ്യുമ്പോൾ, പുതിയ ഉടമക്ക് ഇൻഷൂറൻസ് പോളിസി കൈമാറ്റം ചെയ്യാൻ കഴിയും പക്ഷെ എൻസിബി കഴിയില്ല. പോളിസിയുടെ ശേഷിക്കുന്ന കാലയളവിന്റെ എൻസിബിയുടെ കണക്കിൽ വ്യത്യാസം വരുത്തുന്ന തുക പുതിയ ഉടമ അടയ്ക്കേണ്ടതാണ്. എങ്കിലും യഥാർത്ഥ ഉടമയ്ക്ക്, എൻസിബി, പുതിയതായി വാങ്ങിച്ച ഒരു വാഹനത്തിൽ ഉപയോഗിക്കാവുന്നതാണ്.

**ചോ. എന്റെ ഇൻഷൂറൻസ് കമ്പനി മാറ്റുവാൻ ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ, എന്റെ നോ ക്ലെയിം ബോണസ് ഒപ്പം മാറ്റുവാൻ കഴിയുമോ?**

**ഉ.** ഉവ്വ്.നിങ്ങൾ ഇൻഷൂററെ മാറ്റുന്നുവെങ്കിൽ, പുതുക്കുമ്പോൾ എൻസിബി സൗകര്യം നിങ്ങൾക്ക് ഉപയോഗിക്കാം. ഇപ്പോഴത്തെ ഇൻഷൂററിൽ നിന്നുള്ള പുതുക്കൽ നോട്ടീസ് വഴി നേടിയ എൻസിബിയുടെ തെളിവ് നിങ്ങൾ കാണിക്കേണ്ടതുണ്ട്. അത് കാണിക്കാൻ കഴിയില്ലെങ്കിൽ, ഒറിജിനൽ കാലഹരണപ്പെടുന്ന പോളിസിയും, കാലഹരണപ്പെടുന്ന പോളിസിമേൽ നിങ്ങൾ ക്ലെയിമുകൾ ഒന്നും സമർപ്പിച്ചിട്ടില്ലെന്ന് കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റും കാണിക്കുക. അതിനാൽ, തെളിവ് ഒരു പുതുക്കൽ ന്റ



നോട്ടീസ് രൂപത്തിലാകാം അഥവാ മുൻ ഇൻഷൂററിൽനിന്നും ഉള്ള എൻസിബി അർഹത സ്ഥിരീകരിക്കുന്ന ഒരു കത്തിന്റെ രൂപത്തിൽ ആയിരിക്കാം.

**ചോ. എന്റെ പ്രീമിയം കുറയ്ക്കുന്ന വിധം ഡിസ്കൗണ്ടുകൾ ഉണ്ടോ?**

**ഉ.** എൻസിബിക്കു പുറമെ, ഓൺ ഡാമേജ് പ്രീമിയം പ്രകാരം വേറേയും ഡിസ്കൗണ്ടുകൾ ലഭ്യമാണ്. ഓട്ടോമൊബൈൽ അസ്സോസിയേഷൻ ഓഫ് ഇന്ത്യയുടെ മെമ്പർഷിപ്പ്, വിന്റേജ് കാർസ് (വിന്റേജ് ആന്റ് ക്ലാസ്സിക് കാർ ക്ലബ് ഓഫ് ഇന്ത്യ സർട്ടിഫൈ ചെയ്ത പ്രൈവറ്റ് കാറുകൾ); ഓട്ടോമൊബൈൽ റിസർച്ച് അസ്സോസിയേഷൻ ഓഫ് ഇന്ത്യ (എആർഎഐ), പൂണെ അംഗീകരിച്ചിട്ടുള്ള ആന്റി-തെഫ്റ്റ് ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുള്ളതും അവയെ ഘടിപ്പിച്ചിട്ടുള്ളത് എഎഐ അംഗീകരിച്ചിട്ടുള്ളതും; അന്ധർക്കും, വികലാംഗർക്കും, മാനസിക വൈകല്യം ഉള്ള വ്യക്തികൾക്കുമായി പ്രത്യേകം സംവിധാനം ചെയ്ത / മാറ്റങ്ങൾ വരുത്തിയ വാഹനങ്ങൾക്ക് ഇളവുകൾ, ബന്ധപ്പെട്ട ആർടിഎ ഇക്കാര്യം ആർസിയിൽ അനുയോജ്യമായ വിധം കാണിച്ചിരിക്കും; - സ്വയമായി പുറമെ കിഴിക്കാവുന്നത്/അമിതമായത് തെരഞ്ഞെടുക്കൽ.

ലയബിലിറ്റി ഓൺലി സെക്ഷൻ പ്രകാരം, തേർഡ് പാർട്ടി പ്രോപ്പർട്ടി ഡാമേജിൽ കുറവിന്ന് ഡിസ്കൗണ്ടുകൾ ലഭ്യമാണ്.
(ടിപിപിഡി) രൂ.750,000 മുതൽ രൂ.6,000 വരെ

**ചോ. സർവീസ് ടാക്സ് ബാധകമാണോ എങ്കിൽ അത് എത്ര വരും?**

**ഉ.** അതെ, സർവീസ് ടാക്സ് ബാധകമാണ്, അത് നിലവിലുള്ള നിയമത്തിന്റെ ചട്ടം അനുസരിച്ചിരിക്കും.